**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4158** **18-07-2022 - ൽ മറുപടിയ്ക്ക്**

**കല്ലറ മത്സ്യ മാർക്കറ്റ് നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്താൽ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള കല്ലറ മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ? | (എ) | 29-06-2018-ലെ സ.ഉ (സാധാ) നം.535/2018/ മ.ത്.വ നമ്പർ ഭരണാനുമതി ഉത്തരവു പ്രകാരം പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) സമർപ്പിച്ച വാമനപുരം മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അവലോകനം ചെയ്യുകയും കിഫ്ബി പുറപ്പെടുവിച്ച 04-09-2021-ലെ ധനാനുമതി ഉത്തരവു പ്രകാരം 3,68,84,897/- രൂപ അനുവദിക്കുകയും ചെയ്തു. ടി ഉത്തരവിൽ ലോൺ തിരിച്ചടവു വ്യവസ്ഥ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. തുടർന്ന്, ഡി.എസ്.ആർ നിരക്ക് 2016-ൽ നിന്നും 2018-ലേക്ക് മാറിയതനുസരിച്ച് കെ.എസ്.ഐ.ഡി.സി സമർപ്പിച്ച പുതുക്കിയ റിപ്പോർട്ട് അനുസരിച്ച് 15-03-2022-ലെ ഉത്തരവു പ്രകാരം ടി പദ്ധതിക്ക് 4,39,32,260/- രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയുണ്ടായി. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസി/സർക്കാർ ഏർപ്പെടുത്തുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുക, ടെന്റർ ക്ഷണിക്കുക, വർക്ക് അവാർഡ്/കോൺട്രാക്റ്റ് നൽകുക തുടങ്ങി പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് പദ്ധതി നിർവ്വഹണ ഏജൻസിയാണ്. ലോൺ തിരിച്ചടവു വ്യവസ്ഥ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമ്മതം എസ്.പി.വിയിൽ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതികളുമായി മുന്നോട്ടു പോകുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് തടസ്സമൊന്നും തന്നെ ഉണ്ടാകുന്നതല്ല. കൂടാതെ, പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ പദ്ധതി നിർവ്വഹണ ഏജൻസിക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പക്ഷം, അവ കിഫ്ബിയെ അറിയിക്കുന്ന മുറയ്ക്ക് നിലവിലെ |

| | | | |
|---|---|---|---|
| | | | ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി പരിഹാരമാർഗ്ഗങ്ങളും കിഫ്ബി നിർദ്ദേശിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**